"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി സജില ആർ. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20760/2023-ന്മേലുള്ള 26.06.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2396/2024/GEDN തീയതി, തിരുവനന്തപുരം, 25-03-2024**

പരാമർശം:-

1. തിരുവനന്തപുരം വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ മാനേജർ സമർപ്പിച്ച 07.06.2023-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി-9)

2. തിരുവനന്തപുരം വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി സജില ആർ. സമർപ്പിച്ച 07/06/2023-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-10)

3. ബഹു:ഹൈക്കോടതിയുടെ റിട്ട് ഹർജി നം.20760/2023-ന്മേലുള്ള 26.06.2023-ലെ വിധിന്യായം.

4. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/10/2023-ലെ ബി3/1677486/2023/ഡി.ഇ.ഒ നമ്പർ കത്ത്.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/10/2023-ലെ ഡിജിഇ/10486/2023-ഇറ്റി4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി സജില ആർ. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20760/2023-ന്മേലുള്ള 26.06.2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും നാലാം എതിർകക്ഷിയായ മാനേജരെയും കേൾക്കുന്നതിനും എക്സിബിറ്റ് പി-9, എക്സിബിറ്റ് പി-10 എന്നിവ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയുടെ പ്രതിനിധി, മാനേജരുടെ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രതിനിധികൾ എന്നിവരെ 18/10/2023 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയുടെയും മാനേജരുടെയും പ്രഥമാധ്യാപകന്റെയും സമാനമായ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

"പരാതിക്കാരിയായ ശ്രീമതി സജില ആർ.ന് എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി 27-06-2008 മുതൽ ശ്രീമതി റാഹില എസ്.നെ സ്ഥാനകയറ്റം നല്കി പ്രഥമാദ്ധ്യാപികയായി നിയമിച്ച ഒഴിവിൽ ഹാജി സി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ്.ൽ നിയമിച്ചു. നിയമനാംഗീകാരത്തിനായി തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ച് 27-06-2008 മുതൽ 31-03-2009 വരെ ദിവസവേതനത്തിൽ ബി3/5201/08/ഡി.ഡിസ് തീയതി 05.12.2008 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു. തുടർന്ന് 01-06-2009 മുതൽ വീണ്ടും തുടർച്ചയായി എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി നിയമിച്ച ഉത്തരവ് പരിശോധിച്ച് ബി3/4190/09/ഡി.ഡിസ് തീയതി 17-09-2009 ഉത്തരവ് പ്രകാരം 01-06-2009 മുതൽ തുടർച്ചയായി റഗുലർ ശമ്പളസ്കെയിലിൽ അംഗീകരിച്ചു. തുടർന്ന് നടന്ന പരിശോധനയിൽ വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ്. പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ വരുന്നതിനാൽ ഒരു സംരക്ഷിതാദ്ധ്യാപികയെ നിയമിച്ചില്ല എന്ന കാരണത്താൽ 01-06-2009 മുതലുള്ള നിയമനാംഗീകാരം റദ്ദ് ചെയ്തു. ഇപ്രകാരം ഇതേ സ്കൂളിലെ തന്നെ മറ്റൊരു എച്ച്.എസ്.റ്റി. ആയിരുന്ന ശ്രീമതി കെ.പി.മോഹനത്തിന്റെ നിയമനാംഗീകാരവും ക്യാൻസെൽ ചെയ്തിരുന്നു. ഈ നടപടിക്കെതിരെ ഈ രണ്ട് അദ്ധ്യാപകരും സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ഈ രണ്ടുപേരിൽ ബഹു:കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ.പി. മോഹനത്തിനെ 02-06-2008 മുതൽ അംഗീകരിക്കുവാനും ശ്രീമതി സജില ആർ.ന്റെ നിയമനാംഗീകാരം 01-02-2006 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി(3)/498/2010 തീയതി 31.03.2012 സർക്കാർ കത്തിൽ നിരസിക്കുകയും ചെയ്തു. തുടർന്ന് വിദ്യാഭ്യാസ പാക്കേജ് ഏർപ്പെടുത്തിയതിന് തുടർന്ന് ശ്രീമതി സജില ആർ.ന് 01-06-2011 മുതൽ അംഗീകരിച്ച് ശമ്പളം നല്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബി(3)/12503/2011/ഡി.ഡിസ് തീയതി 17/12/2011 ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 01-06-2011 മുതൽ അംഗീകരിച്ച് ശമ്പളം നല്കാൻ ഉത്തരവായി. ശ്രീമതി സജില ആർ.ന്റെ 27-06-2008 മുതൽ 31.05.2011 വരെയുള്ള നിയമനമാണ് അംഗീകരിക്കുവാനുള്ളത്.

സ്നേഹ ചെറിയാൻ Vs സംസ്ഥാന സർക്കാർ കേസിൽ C.A.No.1643/2013-ന്റെ 22-02-2013-ലെ വിധിന്യായത്തിന്റെ പാര 26 നടപ്പാക്കി സർക്കാർ 49777/ജെ2/2013/പൊവിവ നമ്പരായ 14-10-2015-ലെ കത്തിൽ ഒരു വർഷത്തിനു മുകളിലുള്ള റിട്ടയർമെന്റ്, മരണം, സ്ഥാനക്കയറ്റം, രാജി, ദീർഘകാല അവധി എന്നീ ഒഴിവുകളിലെ നിയമനങ്ങൾ ഒരു അക്കാഡമിക് വർഷത്തിന്റെ ഏതു കാലഘട്ടത്തിൽ നടത്തിയാലും അത്തരം നിയമനങ്ങൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 49 അനുസരിച്ച് നിയമന കാലഘട്ടം 8 മാസത്തിൽ കുറവല്ലെങ്കിൽ നിയമന തീയതി മുതൽ

റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചു. ശ്രീമതി സജില ആർ.ന് 27-06-2008 മുതൽ നിയമിച്ചതിനാൽ ക്ലോസിംഗ് തീയതിയിൽ 8 മാസത്തിൽ കൂടുതൽ സർവ്വീസ് വരുന്നതിനാൽ നിയമന തീയതി മുതൽ തുടർച്ചയായി ശമ്പളസ്കെയിലിൽ അംഗീകരിക്കാവുന്നതാണ്.

സാമ്പത്തിക നിയന്ത്രണവുമായി ബന്ധപ്പെട്ട് 28/06/2002-ലെ ജി.ഒ.(പി)നം.178/2002/പൊവിവ പ്രകാരം പുതുതായി ആരംഭിച്ചതും അപ്ഗ്രേഡ് ചെയ്തതുമായ സ്കൂളുകളിലെ എല്ലാ ഒഴിവുകളും സംരക്ഷിതാധ്യാപകരെ കൊണ്ടു നികത്തുവാൻ നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവ് പുനരവലോകനം ചെയ്ത് 22.5.1979-നു ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ ഏതെങ്കിലും ഒരു സംരക്ഷിത അദ്ധ്യാപകനെയെങ്കിലും നിയമിക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ ഇത്തരം സ്കൂളുകളിൽ 1-2-2006-നു മുമ്പ് നിയമിച്ചവരെയെല്ലാം 1-2-2006 മുതൽ അംഗീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. തുടർന്ന് പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തിയതിന് തുടർന്ന് പുതുതായി ആരംഭിച്ച സ്കൂളുകളിൽ നടത്തിയ നിയമനങ്ങളും സംരക്ഷിതാധ്യാപകരെ നിയമിച്ചില്ലായെങ്കിലും മാനേജർമാർ നടത്തിയ നിയമനങ്ങൾ 09-2-2009-ലെ G.O.(Ms)No.19/2009/G.Edn പ്രകാരം 1-2-2006 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 19-11-2009-ലെ സർക്കാർ ഉത്തരവിൽ സംരക്ഷിതാദ്ധ്യാപകരെ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജർമാർക്ക് സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതിനാൽ 19-11-2009-നു ശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സംരക്ഷിതാധ്യാപകരുടെ ലിസ്റ്റു ലഭിക്കുന്ന മുറയ്ക്കുമാത്രം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതുള്ളൂ. 19-11-2009-ലെ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ 19-11-2009-ന് മുമ്പുള്ള ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ നിലനില്ക്കുന്നതല്ലെന്ന് നിരവധി കേസുകളിൽ ബഹു:ഹൈക്കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

Smt.Nadeera T.S., & another Vs State of Kerala & Others (2011 (3) KLT 790) കേസിന്റെ റൂളിംഗിൽ 19-11-2009-ന്റെ ഉത്തരവിനു മുൻകാല പ്രാബല്യം ഇല്ല എന്നും 19-11-2009 ശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ ലിസ്റ്റ് നല്കിയാൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുള്ളൂ എന്നതിനാൽ ശ്രീമതി നദീറയുടെയും മറ്റുള്ളവരുടെയും നിയമനങ്ങൾ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. 27-06-2008 മുതൽ സ്ഥാപിക്കപ്പെട്ട എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ച് തുടർന്നു വന്ന പരാതിക്കാരിയായ ശ്രീമതി സജില ആർ.ന്റെ 01-06-2011 മുതൽ അംഗീകരിച്ച നിയമനം 19-11-2019 മുമ്പ് ആയതിനാൽ റിവൈസ് ചെയ്ത് നിയമനത്തീയതി ആയ 27/06/2008 മുതൽ തുടർച്ചയായി അംഗീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു."

**3.**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

"തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്ന വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ്.ൽ ശ്രീമതി സജില ആർ.നെ എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്) ആയി 27.06.2008 മുതൽ ശ്രീമതി റാഹില എസ്.നെ പ്രധാനാധ്യാപികയായി സ്ഥനക്കയറ്റം നൽകിയ ഒഴിവിലാണ് നിയമിച്ചിട്ടുള്ളത്. ടി നിയമനം

27.06.2008 മുതൽ 31.03.2009 വരെ ദിവസവേതനാടിസ്ഥാനത്തിലാണ് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളത്. തുടർന്ന് ടിയാരിയെ 01/06/2009 മുതൽ ഇതേ ഒഴിവിൽ തുടർച്ചയായി നിയമിക്കുകയും ആയതിന് 01.06.2009 മുതൽ തുടർച്ചയായി അംഗീകാരവും നൽകിയിരുന്നു എന്ന് DEOTVM/1677486/2023-ET4 തീയതി 06.10.2023 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള പരിശോധനയിൽ വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം.വി. എച്ച്.എസ്.എസ്. പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതിനാൽ 01.02.2006-ലെ ജി.ഒ.(പി)നം.46/2006 പ്രകാരം ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ട് എന്നും ആയത് പാലിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി സജില ആർ.ന്റെ നിയമനം റദ്ദ് ചെയ്തു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേ തുടർന്ന് ടിയാരി സർക്കാരിന് ഹർജി സമർപ്പിക്കുകയും 13.02.2012-ലെ എ3/54782/2010/പൊ.വി.വ.നം. കത്ത് പ്രകാരം ശ്രീമതി കെ.പി.മോഹനത്തിന്റെ നിയമനം 02.06.2008 മുതൽ അംഗീകരിക്കുകയും ശ്രീമതി സജീല ആർ.ന്റെ നിയമനം നിരസിക്കുകയും ചെയ്തു. ആയതിനു ശേഷം ശ്രീമതി സജില ആർ.നെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ അംഗീകരിക്കുകയും ചെയ്തു.

28.06.2002-ലെ ജി.ഒ.(പി)നം.178/2022/പൊ.വി.വ പ്രകാരം പുതിയ ഗണത്തിൽപ്പെടുന്ന സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 01.02.2006-ലെ സ.ഉ.(പി)നം.46/2006 പ്രകാരം ടി സ്കൂളുകളിൽ ഒരു സംരക്ഷിതാധ്യാപകനെയെങ്കിലും നിയമിക്കണമെന്നും പരാമർശം ഉണ്ട്. ടി സ്കൂളുകളിലെ നിയമനങ്ങൾ സർക്കാർ ഉത്തരവ് തീയതിയായ 01.02.2006 പ്രാബല്യത്തിലോ നിയമനത്തീയതി മുതലോ ഏതാണ് ശേഷം അന്നു മുതൽ മാത്രം അംഗീകരിക്കാവുന്നതാണെന്ന് 09.02.2009-ലെ സ.ഉ.(എം.എസ്)നം.19/09-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, 19/11/2019-ലെ 38929/ജെ1/2009/പൊ.വി.വ പരിപത്രം അനുസരിച്ച് മാനേജർമാർ ആവശ്യപ്പെടുമ്പോൾ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് ഒരാഴ്ചയ്ക്കകം നൽകണം എന്നും സംരക്ഷിതാധ്യാപകരെ നിയമിക്കാത്തപക്ഷം നിയമനങ്ങൾ അംഗീകരിക്കരുത് എന്ന നിർദ്ദേശവും ടി പരിപത്രത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 19.11.2009-ലെ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലെന്നും അതിനാൽ 19.11.2009-നു മുമ്പുള്ള ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ നിലനിൽക്കുന്നില്ലായെന്നും നിരവധി കേസുകളിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാൽ ടിയാരിയുടെ നിയമനം 19.11.2009-നു മുമ്പായ സാഹചര്യത്തിൽ നിയമനത്തീയതിയായ 27.06.2008 മുതൽ തന്നെ അംഗീകരിക്കണമെന്നാണ് ടിയാരി ആവശ്യപ്പെട്ടിട്ടുള്ളത്. 19.11.2009-ലെ നിർദ്ദേശങ്ങൾക്ക് മുൻകാല പ്രാബല്യം ഇല്ലായെന്നതു സംബന്ധിച്ച് ടി പരിപത്രത്തിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തപക്ഷം നിയമനങ്ങൾ അംഗീകരിക്കരുത് എന്ന നിർദ്ദേശവും ടി പരിപത്രത്തിൽ പരാമർശിച്ചിട്ടുമുണ്ട്. കൂടാതെ, സർക്കാരിന്റെ ടി നിർദ്ദേശം നിലനിൽക്കവെയാണ് 13.02.2012-ലെ എ3/54782/2010/പൊ.വി.വ കത്ത് പ്രകാരം സർക്കാർ ശ്രീമതി സജില ആർ.ന്റെ നിയമനം നിരസിച്ചിട്ടുള്ളത്. കൂടാതെ, സ്നേഹ ചെറിയാൻ കേസിന്റെ വിധിയെ തുടർന്ന് 14/10/2015-ലെ 49777/2/2013 പ്രകാരം ഒരു അക്കാദമിക് വർഷത്തിന്റെ ഏതു കാലഘട്ടത്തിൽ നിയമനം നടത്തിയാലും കെ.ഇ.ആർ അധ്യായം 14 എ ചട്ടം 49 അനുസരിച്ച് നിയമന

കാലഘട്ടം 8 മാസത്തിൽ കുറവല്ലെങ്കിൽ നിയമനത്തീയതി മുതൽ ശമ്പളസ്കെയിലിൽ അംഗീകരിക്കാവുന്നതാണ് എന്ന നിർദ്ദേശം ഉണ്ട് എന്നതിനാലും ടിയാരിയുടെ നിയമനം നിയമനത്തീയതി മുതൽ പരിഗണിക്കണമെന്നും അപ്പീൽ പെറ്റീഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ജി.ഒ.(പി)നം.46/2006 പ്രകാരം ന്യൂ സ്കൂളുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. ന്യൂ സ്കൂൾ ഗണത്തിൽപ്പെടുന്ന വള്ളക്കടവ് ഹാജി സി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീമതി സജില ആർ.ന്റെ 27.06.2008 മുതലുള്ള നിയമനം അംഗീകരിക്കണം എന്ന ആവശ്യം പരിഗണനനാർഹമല്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു."

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എച്ച്.എസ്.റ്റി. (പി.എസ്) ആയിരുന്ന ശ്രീമതി റാഹില എസ്.ന് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതുമൂലമുണ്ടായ വ്യവസ്ഥാപിത ഒഴിവിൽ 27/06/2008 മുതൽ നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനം  നിയമന തീയതിയായ 27-06-2008 മുതൽ 31.05.2011 വരെ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**5.** ടി സ്കൂളിലെ എച്ച്.എസ്.റ്റി. (പി.എസ്.) ആയിരുന്ന ശ്രീമതി റാഹില എസ്.ന് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവിൽ ഹർജിക്കാരിയെ 27/06/2008 മുതൽ നിയമിക്കുകയും, 27/06/2008 മുതൽ 31/03/2009 വരെ ദിവസവേതനാടിസ്ഥാനത്തിലും, 01/06/2009 മുതൽ തുടർച്ചയായി നിയമനാംഗീകാരവും നൽകിയിരുന്നു. എന്നാൽ ടി സ്കൂൾ പുതിയ സ്കൂളിന്റെ ഗണത്തിൽപ്പെടുന്നതിനാൽ, 01/02/2006-ലെ ജി.ഒ.(പി)നം.46/2006 പ്രകാരം ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ ടിയാരിയുടെ നിയമനം റദ്ദ് ചെയ്തു. മറ്റൊരു എച്ച്.എസ്.റ്റി. ആയിരുന്ന ശ്രീമതി കെ.പി. മോഹനത്തിന്റെ നിയമനവും റദ്ദ് ചെയ്തിരുന്നുവെങ്കിലും സർക്കാർ കത്ത് നം.എ3/54782/2010/പൊവിവ തീയതി 13/02/2012 പ്രകാരം 43 ക്ലെയ്മെന്റ് ആയ ശ്രീമതി കെ.വി.മോഹനത്തിന്റെ നിയമനം 02/06/2008 മുതൽ അംഗീകരിക്കുവാനും, ശ്രീമതി സജില ആർ.ന്റെ നിയമനം നിരസിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് ശ്രീമതി സജിലയ്ക്ക് അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ അംഗീകാരം നൽകിയിട്ടുണ്ട്.

**6 .** സംസ്ഥാനത്ത് പുതുതായി ആരംഭിച്ച വിദ്യാലയങ്ങളിൽ ഒരു സംരക്ഷിത ജീവനക്കാരനെയെങ്കിലും ഉൾക്കൊള്ളണമെന്ന 01.02.2006-ലെ സ.ഉ.(പി)നം.46/2006/പൊ.വി.വ-യിലെ വ്യവസ്ഥ നിലവിലിരുന്ന വേളയിലാണ് ഹർജിക്കാരിയുടെ നിയമനം നടന്നിട്ടുള്ളത്. ഇക്കാര്യത്തിനായി സംരക്ഷിത ജീവനക്കാരന്റെ ലിസ്റ്റ് മാനേജർമാർക്ക് ലഭ്യമാക്കേണ്ടതായ ഉത്തരവാദിത്വം, വിദ്യാഭ്യാസ അധികാരികൾക്കാണെന്ന വ്യവസ്ഥ 19.11.2009 വരെ നിലവിലിരുന്നു. ഈ വ്യവസ്ഥയ്ക്ക് ഭേദഗതി വരുത്തി. 19.11.2009-ലെ

സർക്കുലർ നമ്പർ 38929/ജെ1/2009/പൊ.വി.വ പ്രകാരം സംരക്ഷിത ജീവനക്കാരന്റെ ലിസ്റ്റ് വിദ്യാഭ്യാസ അധികാരികളിൽ നിന്നും മാനേജർ ലഭ്യമാക്കി സംരക്ഷിത അദ്ധ്യാപക നിയമനം നടത്തേണ്ടതാണെന്നും, അങ്ങനെ സംരക്ഷിത അധ്യാപക നിയമനം നടത്തിയ തീയതി മുതൽക്കു മാത്രം, അതിനുമുമ്പ് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവിൽ നിയമിച്ചവരുടെ അംഗീകാരം നൽകേണ്ടതാണെന്നും നിഷ്കർഷിച്ചു.

**7.** ഹർജിക്കാരി ഉദ്ധരിച്ചിട്ടുള്ള Nadeera Vs State of Kerala എന്ന കേസ്സിലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതി 19.11.2009 മുതൽ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് ലഭ്യമാക്കുന്ന വ്യവസ്ഥയിലുണ്ടായ ഈ വ്യതിയാനം ശ്രദ്ധിക്കുകയും, പുതുതായി ആരംഭിച്ച വിദ്യാലയങ്ങളിൽ 19.11.2009 വരെ ഉണ്ടായ റഗുലർ ഒഴിവുകളിൽ നടത്തിയ നിയമനങ്ങളുടെ കാര്യത്തിൽ, മാനേജർക്ക് വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത ജീവനക്കാരന്റെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലെന്ന വസ്തുത സ്പഷ്ടമാണെങ്കിൽ അത്തരം നിയമനങ്ങൾ പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിച്ച തീയതി വച്ച് മാത്രം അംഗീകാരം നൽകുന്ന പ്രവണത അംഗീകരിക്കാനാകില്ലെന്നും, പകരം, അവരുടെ യഥാർത്ഥനിയമനത്തീയതി മുതൽ തന്നെ അംഗീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. തന്മൂലം ഈ വിധിയുടെ ഗുണഭോക്താക്കൾ ഇനിപ്പറയുന്ന രണ്ട് സാഹചര്യങ്ങളിൽപ്പെടുന്നവരാണെന്ന് വരുന്നു.

1. അവർ പുതുതായി ആരംഭിച്ച വിദ്യാലയങ്ങളിലെ റഗുലർ ഒഴിവുകളിൽ 19.11.2009 മുമ്പ് നിയമിതരായിരിക്കണം.

2. വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് മാനേജർക്ക് ലഭ്യമാക്കിയിട്ടില്ലാത്ത കേസുകൾ.

**8.** ഇതിൽ ആദ്യത്തെ സാഹചര്യം ഹർജിക്കാരിയുടെ കാര്യത്തിൽ ബാധകമാണെന്ന് കാണുന്നു. രണ്ടാമത്തെ സാഹചര്യവും പാലിക്കപ്പെടുന്നുവെങ്കിൽ അതായത്, വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് മാനേജർക്ക് ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം ഹർജിക്കാരിയുടെ നിയമനം ടിയാളുടെ നിയമനത്തീയതി മുതൽ അംഗീകരിക്കാവുന്നതാണ്.

**9.** മേൽ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ നിയമനം 2008-2009 അദ്ധ്യയന വർഷം 8 മാസത്തിൽ കൂടുതൽ ഉള്ളതിനാൽ, വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് മാനേജർക്ക് ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം ഹർജിക്കാരിയുടെ നിയമനം നിയമനത്തീയതിയായ

27-06-2008 മുതൽ 31.05.2011 വരെ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽ കുന്നതിനും, വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് മാനേജർക്ക് ലഭ്യമാക്കിയിട്ടുള്ള പക്ഷം ഹർജിക്കാരിയുടെ നിയമനം നിരസിക്കുന്നതിനും തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വിദ്യാഭ്യാസ അധികാരികൾ സംരക്ഷിത അദ്ധ്യാപക ലിസ്റ്റ് മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

**10**. മേൽപ്രകാരം എക്സിബിറ്റ് പി-9, പി-10 റിവിഷൻ ഹർജികൾ തീർപ്പാക്കി, ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 20760/2023-മേലുള്ള 26.06.2023-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി സജില ആർ., എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്), ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വള്ളക്കടവ്, തിരുവനന്തപുരം-695 008.
മാനേജർ, ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വള്ളക്കടവ്, തിരുവനന്തപുരം-695 008.
ഹെഡ്മാസ്റ്റർ, ഹാജി സി.എച്ച്.എം.കെ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വള്ളക്കടവ്, തിരുവനന്തപുരം-695 008.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം-695 001.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (24.01.2024-ലെ ജെ.എ3/476/2023/പൊ.വി.വ. കുറിപ്പ് പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 25-03-2024 15:28:30
സെക്ഷൻ ഓഫീസർ